| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷാശേഷി വർദ്ധിപ്പിക്കുക | വ്യത്യസ്തമായ കഥകൾ കാണുവാനും കേൾക്കുവാനും സന്ദർഭമൊരുക്കുന്നു. പദസമ്പത്ത് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ കൊടുക്കുന്നു. [വായനകാർഡ്, ഗെയിംസ്, കഥപറയൽ, ഗ്രീറ്റിംഗ്സ് കാർഡ് നിർമ്മാണം, സ്പെല്ലിങ് കോൺടെസ്റ്റ്, ക്വിസ്, പ്രസംഗം, സംഭാഷണം, ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് അസംബ്ലി ദിനാചരണങ്ങൾ | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ |
| ഹിന്ദി<br>എല്ലാകുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല കളികൾ വാക്കുകളുടെ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം, ഹിന്ദി അസംബ്ലി ദിനാചരണങ്ങൾ, ചിത്രകഥ തയ്യാറാക്കൽ | ജൂൺ മുതൽ സെപ്തംബർ | ഹിന്ദി അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതം പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ (ഏണിയും പാമ്പും, ഡയസ് കളി സങ്കലനം- വ്യവകലനം, കച്ചവടക്കളി | വർഷം മുഴുവൻ | ഗണിതാധ്യാപകർ |
| ഗണിതച്ചുമർ (ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ) | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ,, |
| സയൻസ് ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ [illegible] | വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം പുഴയെ അറിയാൻ, യാത്രകൾ | ജൂൺ മുതൽ ആഗസ്റ്റ് | സയൻസ് അധ്യാപകർ |

മേഖല : അക്കാദമികം                                                                 2025 - 2026

ഉപമേഖല :- മലയാളം

ക്ലാസ് :- 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| * അടിസ്ഥാന ഭാഷാ ശേഷി വികാസം<br><br>* ആശയത്തിലെ ഒരുമയും ഭേദവും വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയൽ<br><br>* പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | • ഭാഷാ കളി കുട്ടികളിലൂടെ<br>• പാട്ടുകൾ<br>• കഥകൾ<br>• കളികൾ<br>• അഭിനയം<br>• ശേഖരണം<br>• നിർമ്മാണം<br>• ചുറ്റുപാടിനെ അറിയൽ<br>• പ്രകൃതി നടത്തം<br>• കേരളത്തിലെ നാടൻ വിഭവങ്ങൾ രുചി അറിയൽ<br>• ഞങ്ങളുടെ പൂന്തോട്ടം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br><br>SRG<br><br>രക്ഷിതാക്കൾ<br><br>PTA | |

മേഖല :- അക്കാദമികം

ഉപമേഖല :- ഗണിതം

ക്ലാസ് :- 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | 1. ക്വിസിന്റെ ചോദ്യങ്ങളുടെ നിർമ്മാണം | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | SSA |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 2. ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | | |

| Aim | Programme | Duration | |
|---|---|---|---|
| To Speak read and write English without any mistakes | * To develope listening skills and reading Skills<br>* Description growing Sentences picture reading riddles, quiz<br>* Reading breaking news<br>* Find words from reading materials<br>* Rhyming words<br>* Describing words from text book activities<br>* Make words web | June to March | |

# മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | | |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികാസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | <u>എന്റെ അവധിക്കാലം</u><br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത) അവതരിപ്പിക്കുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| | <u>ഭാഷാകേളി</u><br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന പദങ്ങൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | |
| | <u>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്</u><br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടേയും | ജൂൺ | |

| | | | |
|---|---|---|---|
| | വാക്യങ്ങളുടെയും നിർമ്മാണം. | | |
| അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം, മാസികകൾ, എന്നിവ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണ ശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | |
| | വാർത്താ വായന | | |
| | നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തുന്നു. | എല്ലാദിവസവും | |
| | സമകാലീന സംഭവങ്ങളെ ആസ്പദമാക്കി ക്വിസ് നടത്തുന്നു. | വർഷത്തിൽ മൂന്ന് | |

| | | | |
|---|---|---|---|
| സാഹിത്യ കൃതികളോടും സാഹി-<br>ത്യകാരന്മാരോടും അനുകൂല<br>മനോഭാവം വളർത്തുക വഴി<br>സർഗശേഷി വളർത്തുന്നു. | സംവാദം<br>സാഹിത്യകാരന്മാരുമായി അഭി-<br>മുഖ സംഭാഷണത്തിനും സംവാ-<br>ദത്തിനും അവസരം. | വർഷത്തിൽ<br>രണ്ട് | |
| മലയാളം കമ്പ്യൂട്ടർ പരിജ്ഞാ-<br>നം നേടിയെടുക്കൽ | ഇ. കമ്പ്യൂട്ടറിംഗ്<br>മുഴുവൻ കുട്ടികളെയും മലയാ-<br>ളം കമ്പ്യൂട്ടറിംഗ് പരിശീലി-<br>പ്പിക്കുന്നു.<br>സ്കൂൾ മാഗസിൻ തയ്യാറാക്കൽ. | വർഷാവസാനം | |
| കലാവാസന പരിപോഷിപ്പി-<br>ക്കൽ | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധ-<br>പ്പെട്ട നാടകങ്ങൾ സ്കൂൾ<br>അസംബ്ലിയിൽ അവതരിപ്പി-<br>ക്കാൻ അവതരിപ്പിക്കുന്നു. | | |

മേഖല - യു.പി. സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനശേഷികൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അവ പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br><br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ദ്വീപുകൾ, തലസ്ഥാനങ്ങൾ. വൈവിധ്യങ്ങൾ ഉടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് memory test നടത്തുന്നു. | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | - |
| 2) പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | | | |
| 3) ജനാധിപത്യപരമായ ജീവിതശൈലിനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതത്വം മനസ്സിലാക്കുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം. |
|---|---|---|---|---|
| 4) പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുക. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ വിവിധങ്ങളായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | [illegible] സാമൂഹ്യശാസ്ത്ര അധ്യാപകർ | രണ്ടാമത് വർഷം | |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ സഹായിക്കുന്നു. | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ദുരിതബാധിതവ്യക്തികൾ എന്നിവരെ സന്ദർശിച്ച് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനാവശ്യമായ ബോധവത്കരണ ക്ലാസുകൾ നൽകുന്നു. | | | |
| 6) ബോധവത്കരണം.<br>• വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗം<br>• റോഡ്സുരക്ഷ. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെയും കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |